**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**03.09.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.00–ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.08.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2014–15 വാർഷിക പദ്ധതിയിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 201672 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായി. ഇവയുടെ ആകെ അടങ്കൽ 10705 കോടി രൂപയാണ്. ഇവയിൽ 200145 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകി. അവയുടെ ആകെ അടങ്കൽ 10586 കോടി രൂപയാണ്.

**2.2 അന്താരാഷ്ട്ര വയോജനദിനം – സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കത്ത്**

അന്താരാഷ്ട്ര വയോജനദിനമായ ഒക്ടോബർ 1–ന് പ്രത്യേക ഗ്രാമസഭ/വാർഡ്സഭ ചേർന്ന് മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പ്രത്യേക ഗാമസഭ/ വാർഡ്സഭ കൂടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.

2.3 **ഗ്രാമപഞ്ചായത്തുകളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ – കില ഡയറക്ടറുടെ കത്ത്**

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 9001:2008 നേടുന്നത് സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗരേഖയുടെ കരട് യോഗം ചർച്ച ചെയ്തു. കൂടുതൽ വിശദമായ ചർച്ച പിന്നീട് കൂടുന്ന കോഓർഡിനേഷൻ കമ്മിറ്റിയിൽ നടത്താമെന്ന് തീരുമാനിച്ചു.

**2.4വികലാംഗർക്ക് യാത്രാസഹായി – പഞ്ചായത്ത് ഡയറക്ടറുടെ കത്ത് (ഫയൽ നം. 506948/ഡി.എ1/തസ്വഭവ)**

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ച് 20.06.2014–ലെ സ.ഉ.(എം.എസ്)52/2014/സാ.നീ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള ഉയർന്ന വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിക്കാൻ യോഗം തീരുമാനിച്ചു.

**2.5 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത കുറിപ്പ് (ഫയൽ നം. 45023/എ.ബി.2/14/തസ്വഭവ)**

മരാമത്ത് പണികളുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാർഗരേഖയും നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നില്ലെന്നുള്ള റിപ്പോർട്ട് യോഗം ചർച്ച ചെയ്തു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു. അതിന് പി.എം.ജി.എസ്.വൈ നിബന്ധനകൾ പാലിക്കാമെന്നും നിർദ്ദേശിച്ചു. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള ബോർഡുകൾ വയ്ക്കേണ്ടതാണെന്നും അതിനുള്ള ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

2.6 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബസ് സ്റ്റാൻഡ് തുടങ്ങിയ പൊതു സ്ഥലങ്ങളിലും ഈ വർഷം തന്നെ ആവശ്യാനുസരണം ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ളവ സംരക്ഷിക്കുന്നതിനും പ്രോജക്ടുകൾ വയ്ക്കണമെന്നും അതിനായി അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ഭേദഗതി വരുത്തണമെന്നും യോഗം തീരുമാനിച്ചു. അടുത്ത സാമ്പത്തിക വർഷം പദ്ധതി രൂപീകരിക്കുമ്പോൾ നടപ്പുസാമ്പത്തിക വർഷം ടോയ്‌ലറ്റുകൾ നിർമ്മിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം സമർപ്പിക്കേണ്ട താണെന്നും യോഗം തീരുമാനിച്ചു. ഇപ്രകാരം സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രമേ വെറ്റിംഗ് ഓഫീസർ പ്രോജക്ടിന് അംഗീകാരം നൽകാവൂ എന്നും നിർദ്ദേശിച്ചു.

2.7 ത്രിതല പഞ്ചായത്തുകളിലെ മരാമത്ത് പണികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് പരിഗണിച്ച് സാങ്കേതികാനുമതി നൽകുന്നതിന് 2013–14 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിക്കാൻ യോഗം തീരുമാനിച്ചു. തത്സംബന്ധമായ ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി തീരുമാനിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ തന്നെ സാങ്കേതികാനുമതി നൽകുന്ന സ്ഥിതി ഉണ്ടാകരുതെന്നും നിർദ്ദേശിച്ചു.

**2.8** കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവ ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും പുതുക്കിയ cost index നിലവിൽ വന്നതിനാൽ 2013 CPWD നിരക്ക് പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകൾ ആവശ്യമെങ്കിൽ പുതുക്കാനും കാലതാമസം ഒഴിവാക്കാൻ ടെണ്ടർ നടപടികൾ സ്വീകരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് തീരുമാനിച്ചു. അധികമായി വരുന്ന തുക സ്വന്തം നിലയ്ക്ക് കണ്ടെത്തുകയോ, അല്ലെങ്കിൽ പദ്ധതിയിൽ കുറവ് വരുത്തി ചെയ്യുകയോ ആകാം. പുതുക്കിയ എസ്റ്റിമേറ്റുകളുടെയും ബന്ധപ്പെട്ട പ്രോജക്ടുകളുടെയും വെറ്റിംഗ്, ഐ.കെ.എം വെബ്സൈറ്റ് അപ്‌ലോഡിംഗ്, ഡി.പി.സി അംഗീകാരം, സാങ്കേതികാനുമതി ലഭ്യമാക്കൽ എന്നിവ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ചെയ്യുന്നതിനും അനുവദിച്ച് തീരുമാനിച്ചു.

**2.9** കോഓർഡിനേഷൻ കമ്മിറ്റി ചേരുന്നതിനുള്ള സമയം അടുത്ത യോഗം മുതൽ ഉച്ചയ്ക്കുശേഷം 3 മണിയായി നിശ്ചയിച്ചു തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഏറിയാട് ഗ്രാമപഞ്ചായത്ത് ( ഫയൽ നം47297/ഡി.എ2/14/തസ്വഭവ)**

കോസ്റ്റ്ഫോർഡ് മുഖേന നിർമ്മിക്കുന്ന ഫ്ളാറ്റിന്റെ യൂണിറ്റ് കോസ്റ്റ്, കരാർ വച്ചശേഷം വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാനാവില്ലെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശുപാർശയിന്മേൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പേരാമ്പ്ര ഗ്രാമപഞ്ചായത്ത് (ഫയൽ നം.53058/ഡി.എ2/14/തസ്വഭവ)**

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബസ് സ്റ്റാൻഡിനടുത്തുള്ള മാർക്കറ്റ് പരിസരത്ത് കംഫർട്ട്സ്റ്റേഷൻ BOOT വ്യവസ്ഥയിൽ നിർമ്മിക്കാനുള്ള ആവശ്യം സർക്കാർതലത്തിലുള്ള PPP (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) കമ്മിറ്റിയിൽ തീരുമാനിക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 കോഴിക്കോട് ജില്ലാ പഞ്ചായത്ത് ( ഫയൽ നം.10212/ഡി.ബി.2/14/തസ്വഭവ)**

മലബാർ സ്പോർട്സ് അക്കാഡമി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതോ ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമോ അല്ലാത്തതിനാൽ ആവശ്യം നിരസിച്ചു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ക്കൂളുകൾക്ക് കായിക ഉപകരണങ്ങൾ നൽകുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ലെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ( ഫയൽ നം.54059ഡി.ഡി.2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്ടായി റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ബ്ലോക്ക് വിഹിതം 5 ലക്ഷം രൂപയിൽ കുറയരുതെന്നും റോഡുകളുടെ വീതി 6 മീറ്റർ എങ്കിലുമായിരിക്കണമെന്നുമുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കോന്നി ഗ്രാമപഞ്ചായത്ത്**

വികസന ആവശ്യങ്ങൾക്ക് 0.44 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്ക് വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ആസ്തി ആർജ്ജിക്കലും കൈയൊഴിക്കലും ചട്ടങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മണലൂർ ഗ്രാമപഞ്ചായത്ത് ( ഫയൽ നം. 64966/എഫ്.എം2/14/തസ്വഭവ)**

കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിക്ക് സംഭാവന നൽകുന്നത് മണലൂർ, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നയാശ്യം വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. യഥേഷ്ടാനുമതിക്കായുള്ള ആവശ്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമല്ലെന്നും വകുപ്പുതലത്തിൽ പരിഗണിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ഇടുക്കി ജില്ലാ പഞ്ചായത്ത്**

പൊതുവിഷയങ്ങൾ ഇനം 2.7 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9 മണിക്ക് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 17.09.2014 ഉച്ചതിരിഞ്ഞ് 3 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***